ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 17-05-2024**

## പ്രധാനവാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി പുരോഗമിക്കുന്നു. അഞ്ചാം ഘട്ടത്തിലേക്കുള്ള പരസ്യ പ്രചാരണം നാളെ അവസാനിക്കും.
2. സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യത. മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. പത്ത് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.
3. കേരളതീരത്ത് ഇനിയൊരു അറിയിപ്പ് ഉണ്ടാകുംവരെ മത്സ്യബന്ധനത്തിന് പോകരുതെന്ന് കർശന മുന്നറിയിപ്പ്.
4. സംസ്ഥാനത്ത് ഡെങ്കിപ്പനി ഉൾപ്പെടെയുള്ള പകർച്ചപ്പനികൾ പടർന്ന് പിടിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ കർശന ജാഗ്രത പാലിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.
5. കേരളം ലോകത്തിന് നൽകിയ സ്ത്രീമുന്നേറ്റ മാതൃക കുടുംബശ്രീയ്ക്ക് ഇന്ന് 26 വയസ്സ്
6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ലഖ്നൗ സൂപ്പർ ജയൻറ്സിനെ നേരിടും.

**$$$$$$$$$$$$$$$$$$$$$**

## ലോക്സഭാ തെരഞ്ഞെടുപ്പ്

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി പുരോഗമിക്കുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ പ്രചാരണത്തിൽ സജീവമാണ്. അഞ്ചാം ഘട്ടത്തിലേക്കുള്ള പരസ്യ പ്രചാരണം നാളെ അവസാനിക്കും. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഉത്തർപ്രദേശിലെ ബാരാബങ്കിയിൽ നടന്ന തിരഞ്ഞെടുപ്പ് പ്രചാരണ സമ്മേളനത്തിൽ പങ്കെടുത്തു. കോൺഗ്രസ്സ് നേതാക്കളായ രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും സമാജ് വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവും ഉത്തർപ്രദേശിലെ റായ്ബറേലിയിൽ നടന്ന പൊതുയോഗത്തിൽ പങ്കെടുത്തു. ഡൽഹി മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കെജ്‌രിവാൾ തിരഞ്ഞെടുപ്പ് പ്രചാരണത്തിൻറെ ഭാഗമായി അമൃത്സറിൽ പാർട്ടി പ്രവർത്തകരുമായി കൂടിക്കാഴ്ച നടത്തി.

**$$$$$$$$$$$$$$$$$$$$$**

## ഏഴാം ഘട്ടം

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ അവസാനഘട്ടത്തിനുള്ള നാമനിർദേശപത്രിക പിൻവലിക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. എട്ട് സംസ്ഥാനങ്ങളിലെ 57 സീറ്റുകളിലേക്കാണ് അടുത്തമാസം ഒന്നിന് ഏഴാംഘട്ടത്തിൽ വോട്ടെടുപ്പ്

RNU TVPM

നടക്കുന്നത്. ഈ മാസം 20 ന് നടക്കുന്ന അഞ്ചാംഘട്ട വോട്ടെടുപ്പിനുള്ള പരസ്യ പ്രചാരണം നാളെ സമാപിക്കും. ആറാംഘട്ട വോട്ടെടുപ്പ് ഈ മാസം 25-നാണ്. വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ നാല് ഘട്ടങ്ങളിലായി ആകെ 66.95 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. ശേഷിക്കുന്ന മൂന്ന് ഘട്ടത്തിലും വോട്ടവകാശം ഫലപ്രദമായി വിനിയോഗിക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അഭ്യർഥിച്ചു.

$$$$$$$$$$$$$$$$$$$$$$

**മഴ**

സംസ്ഥാനത്ത് കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ആലപ്പുഴയും തൃശൂരും ഒഴികെ 10 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. പാലക്കാട്, മലപ്പുറം ജില്ലകളിൽ നാളെയും പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ മറ്റന്നാളും അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. തിങ്കളാഴ്ചയും, ചൊവ്വാഴ്ചയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് അലർട്ട് ആണ് പ്രഖ്യാപിച്ചിരിക്കുന്നതെങ്കിലും റെഡ് അലർട്ടിന് സമാനമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്നതിനാൽ കേരളതീരത്ത് ഇനിയൊരു അറിയിപ്പ് ഉണ്ടാകുംവരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കർശനമായ മുന്നറിയിപ്പുണ്ട്.

RNUTVPM

$$$$$$$$$$$$$$$$$$$$$$

**വീണാ ജോർജ്. (ഇൻട്രോ)**

സംസ്ഥാനത്ത് ഡെങ്കിപ്പനി, ഉൾപ്പെടെയുള്ള പകർച്ചപ്പനികൾ പടരുന്ന സാഹചര്യത്തിൽ ജനങ്ങൾ കർശന ജാഗ്രത പാലിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. രോഗികളിൽ സെക്കണ്ടറി ഇൻഫക്ഷൻ കണ്ടുവരുന്നതായും രോഗബാധിതർ ആറ് ആഴ്ച വരെ മറ്റുള്ളവരുമായി ഇടപഴകുന്നതിൽ പ്രത്യേക ജാഗ്രത പാലിക്കണമെന്നും മന്ത്രി പറഞ്ഞു. പകർച്ചവ്യാധികൾ പകരുന്നത് തടയാൻ നാളെയും മറ്റന്നാളും വീടും പരിസരവും ശുചീകരിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

(ഹോൾഡ്)

**$$$$$$$$$$$$$$$$$$$$**

**പന്തീരാങ്കാവ്**

കോഴിക്കോട് പന്തീരാങ്കാവിൽ ഭർതൃ വീട്ടിൽ ഗാർഹിക പീഡനത്തിനിരയായ യുവതിയെ മന്ത്രി ആർ.ബിന്ദു സന്ദർശിച്ചു. ആദ്യഘട്ടത്തിൽ തന്നെ പെൺകുട്ടി വിവരങ്ങൾ തുറന്നു പറഞ്ഞതും, വീട്ടുകാർ ഒപ്പം നിന്നതും മാതൃകാപരമാണെന്ന് മന്ത്രി പറഞ്ഞു. പുരുഷാധിപത്യ ബോധ്യങ്ങൾ പോലീസിലും ഉണ്ടെന്നും, ലിംഗനീതിയിൽ അടിസ്ഥാനമായ പരിശീലനം പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമാണെന്നും മന്ത്രി വ്യക്തമാക്കി. അതേസമയം കേസിലെ പ്രതിയായ രാഹുലിൻ്റെ സുഹൃത്തിനെ പോലീസ് കസ്റ്റഡിയിലെടുത്ത ശേഷം അറസ്റ്റ് രേഖപ്പെടുത്തി ജാമ്യത്തിൽ വിട്ടു. പ്രത്യേക അന്വേഷണ സംഘമാണ് കേസ് അന്വേഷിക്കുന്നത്. രാഹുലിനെ കണ്ടെത്താനുള്ള ശ്രമങ്ങൾ പോലീസ് ഊർജ്ജിതമാക്കി. ജർമനിയിലേക്ക് കടന്നതായി സംശയിക്കുന്ന ഇയാളെ തിരികെയെത്തിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്.

**$$$$$$$$$$$$$$$$$$$$**

**ട്രാൻസ്പോർട്ട്**

RNU TVPM

സംസ്ഥാനത്ത് ലേണേഴ്സ് ലൈസൻസ് ലഭ്യമായതും ഡ്രൈവിംഗ് ടെസ്റ്റ് സ്ലോട്ട് ലഭിക്കേണ്ടതുമായ പത്തു ലക്ഷത്തിൽപ്പരം അപേക്ഷകൾ കെട്ടിക്കിടക്കുന്നതായ വാർത്തകൾ വസ്തുതാ വിരുദ്ധമാണെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ. ഈ മാസം എട്ട് വരെയുള്ള കണക്കുകൾ പ്രകാരം 2 ലക്ഷത്തി 24 ആയിരത്തോളം അപേക്ഷകളാണ് നിലവിലുള്ളത്. സ്ലോട്ട് ലഭ്യമാകുന്നതിനുള്ള അപേക്ഷകരുടെ പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അധിക ടീമുകൾ ടെസ്റ്റ് നടത്തുന്നതിനായി രൂപീകരിക്കുന്നതാണെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചു.

$$$$$$$$$$$$$$$$$$$$

**പക്ഷിപ്പനി**

ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതോടെ പ്രതിരോധ പ്രവർത്തതങ്ങൾ ഊർജിതമാക്കാനുള്ള ശ്രമത്തിലാണ് വിവിധ വകുപ്പുകൾ. പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ഉന്നത തലയോഗം നടക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ തഴക്കര, ആനപ്രാമ്പാൽ, ചമ്പക്കുളം എന്നിവിടങ്ങളിലും പത്തനംതിട്ടയിൽ തിരുവല്ല നിരണം പഞ്ചായത്തിലെ രണ്ട് വാർഡുകളിലുമാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി സ്ഥിരീകരിച്ച പഞ്ചായത്തുകളിൽ നാളെ കള്ളിങ്ങ് നടത്തും. പ്രഭവ കേന്ദ്രത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള 12,678 വളർത്തുപക്ഷികളെ കൊന്നൊടുക്കുവാനാണ് തീരുമാനം. പത്തനംതിട്ടയിൽ പക്ഷിപ്പനി സ്ഥിരീകരിച്ച നിരണം പഞ്ചായത്തിലെ ആറാം വാർഡിലുള്ള മൃഗസംരക്ഷണ വകുപ്പിൻ്റെ ഡക്ക് ഫാമിലെ 4200 താറാവുകളെ കഴിഞ്ഞ രണ്ട് ദിവസങ്ങളായി കൊന്നൊടുക്കിയിരുന്നു

PNUTVPM

**$$$$$$$$$$$$$$$$$$$$$**

## കുടുംബശ്രീ (intro)

***സംഘടിത സ്ത്രീമുന്നേറ്റത്തിനായി, കേരളം ലോകത്തിന് നൽകിയ മഹത്തായ മാതൃക- കുടുംബശ്രീയ്ക്ക് ഇന്ന് 26 വയസ്സ് പൂർത്തിയായി. 1998 ൽ ആരംഭിച്ച കുടുംബശ്രീയിൽ ഇന്ന് 3 ലക്ഷത്തിലധികം അയൽക്കൂട്ടങ്ങളിലായി 46.16 ലക്ഷം പേർ അംഗങ്ങളാണ്.***

***ഒരു റിപ്പോർട്ട്.........***

***(വോയിസ്)***

***കേരളത്തിൻറെ സാമൂഹിക ജീവിതത്തിൻറെ വിവിധ തലങ്ങളിൽ വൈവിധ്യമാർന്ന ഇടപെടലുകൾ നടത്തുന്ന വലിയൊരു ചാലകശക്തിയായി കഴിഞ്ഞ 26 വർഷം കൊണ്ട് കുടുംബശ്രീ മാറിക്കഴിഞ്ഞു. സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ ഇടപെടൽ ശക്തിപ്പെടുത്തുകയും ജീവിതസാഹചര്യം മെച്ചപ്പെടുത്തുകയും ചെയ്യുന്ന വലിയ കൂട്ടായ്മയാണിതെന്ന് കുടുംബശ്രീയ്ക്ക് ആശംസകൾ അർപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രാദേശിക തലത്തിൽ സ്ത്രീ-സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് തുടങ്ങിയ പ്രസ്ഥാനം നിയമ സഹായം, കൗൺസലിംഗ്, വായ്പാ സംവിധാനം, സാംസ്കാരിക പ്രവർത്തനങ്ങൾ, മഹാമാരി- പ്രകൃതിക്ഷോഭ കാലയളവിലെ പ്രവർത്തനങ്ങൾ, ജനകീയ ഹോട്ടലുകൾ, ഹരിത കർമ്മസേന എന്നിവയിലൂടെ സമൂഹത്തിലെ മുഖ്യധാരയിൽ ഇടംപിടിച്ചതായും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. പ്രാഥമിക ഇടപെടലുകൾക്ക് പുറമെ സ്ത്രീകളുടെ സാമൂഹികമായ ക്രയവിക്രയശേഷിയും സംഘടിത പ്രസ്ഥാനങ്ങൾ നയിക്കാനുള്ള നേതൃപാടവത്തെയും ഉയർത്തിക്കൊണ്ടുവരാൻ കുടുംബശ്രീക്ക് ഇതിനകം കഴിഞ്ഞിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ വലിയ പ്രശംസ നേടിയ***

RNUTVPM

***കുടുംബശ്രീയെ കൂടുതൽ ശക്തിപ്പെടുത്താനുള്ള നിരവധി പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടന്നു വരുന്നത്.***

***ന്യൂസ് ഡെസ്ക് ആകാശവാണി.***

**$$$$$$$$$$$$$$$$$$$$**

**തീയതി ദീർഘിപ്പിച്ചു**

2024-25 അധ്യയന വർഷത്തെ കേരള എൻജിനിയറിങ്/ ഫാർമസി കോഴ്സുകളിലേക്കുള്ള കീം 2024 പ്രവേശനത്തിന് സമർപ്പിച്ച അപേക്ഷയിലെ ഫോട്ടോ, ഒപ്പ്, പേര് എന്നിവ പരിശോധിക്കുന്നതിനുള്ള അവസാന തീയതി 18ന് വൈകിട്ട് മൂന്നു മണിവരെ ദീർഘിപ്പിച്ചു. വിശദവിവരങ്ങൾ www.cee.kerala.gov.in ൽ ലഭിക്കും.

RNU TVPM

**$$$$$$$$$$$$$$$$$$$$**

**അഗത്തി- അലയൻസ് എയർ**

സാങ്കേതികത്തകരാർ മൂലം അഗത്തി വിമാനത്താവളത്തിൽ കുടുങ്ങിയ അലയൻസ് എയർലൈൻസിന്റ വിമാനം, തകരാറുകൾ പരിഹരിച്ചു കൊച്ചിയിലേക്ക് യാത്ര തിരിച്ചു. പാർക്കിംഗ് സ്ഥലപരിമിതിയുള്ളതിനാൽ , തകരാറിലായ വിമാനം തിരിച്ച് പറന്നുയരുന്നത് വരെ ഇൻഡിഗോ ഉൾപ്പെടെയുള്ള മറ്റ് വിമാന സർവ്വീസുകൾ കൂടി മുടങ്ങിയിരുന്നു. ഇതോടെ നിരവധി സഞ്ചാരികളുടെ യാത്രകൾ അനിശ്ചിതത്വത്തിലായി. അഗത്തി വിമാന താവളത്തിൽ നിന്ന് മുടങ്ങിയ യാത്രകൾ പുനസ്ഥാപിക്കുന്നതിനായുള്ള ശ്രമങ്ങളിലാണ് അധികൃതർ

**$$$$$$$$$$$$$$$$$$$$**

**വനിതാ കമ്മിഷൻ ശുപാർശ**

സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമം തടയുന്നതിനുള്ള പരാതി പരിഹാര സംവിധാനമായ ഇന്റേണൽ കമ്മറ്റി എല്ലാ സ്കൂളുകളിലും രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് വിദ്യാഭ്യാസ വകുപ്പിന് കേരള വനിതാ കമ്മിഷൻറെ ശുപാർശ . അധ്യാപക രക്ഷകർത്തൃ സംഘടന രൂപീകരണവും പിടിഎ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രവർത്തനവും സർക്കാർ മാർഗനിർദേശം പാലിച്ച് ആയിരിക്കണമെന്ന നിർദേശം എല്ലാ സ്കൂളുകൾക്കും നൽകണമെന്നും വനിതാ കമ്മിഷൻ ശുപാർശ ചെയ്തു. വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടിക്ക് കേരള വനിതാ കമ്മിഷൻ അധ്യക്ഷ പി. സതീദേവിയും വനിതാ കമ്മിഷൻ അംഗം ഇന്ദിരാ രവീന്ദ്രനുമാണ് ശുപാർശ കൈമാറിയത് . ഇൻറേണൽ കമ്മറ്റി കൃത്യമായി യോഗം ചേരുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിന് ജില്ലാതലത്തിൽ വിദ്യാഭ്യാസ വകുപ്പിൻറെ ഒരു ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തണമെന്നും, ഇൻറേണൽ കമ്മറ്റി രൂപീകരിക്കാത്ത എല്ലാ സ്കൂളുകൾക്കെതിരേയും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശമുണ്ട്

PNU TVPM

$$$$$$$$$$$$$$$$$$$$$$

**കാലിക്കറ്റ് സർവ്വകലാശാല – മന്ത്രി ആർ ബിന്ദു**

റെക്കോർഡ് വേഗത്തിൽ ബിരുദഫലം പ്രസിദ്ധീകരിച്ച കാലിക്കറ്റ് സർവ്വകലാശാലയെ അഭിനന്ദിച്ച് മന്ത്രി ആർ ബിന്ദു. സർവ്വകലാശാലയുടേത് ചരിത്രനേട്ടമെന്ന് മന്ത്രി പറഞ്ഞു. 23 പ്രവൃത്തിദിവസം കൊണ്ടാണ് ആറാം സെമസ്റ്റർ ബിരുദപരീക്ഷാഫലം സർവ്വകലാശാല പ്രഖ്യാപിച്ചത്. പരീക്ഷാനടപടിക്രമങ്ങൾ ആധുനികവത്കരിച്ചാണ് കാലിക്കറ്റ് സർവ്വകലാശാല ഈ നേട്ടം കൈവരിച്ചിരിക്കുന്നത്.

$$$$$$$$$$$$$$$$$$$$$$

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ലഖ്നൗ സൂപ്പർ ജയൻ്റ്സിനെ നേരിടും . വാങ്കഡെ സ്റ്റേഡിയത്തിൽ രാത്രി 07:30നാണ് മത്സരം . പോയിൻറ് പട്ടികയിൽ ലഖ്നൗ ഏഴാമതും, മുംബൈ ഇന്ത്യൻസ് പത്താം സ്ഥാനത്തുമാണ്.

**$$$$$$$$$$$$$$$$$$$$$**

**<u>ഓഹരി+ സ്വർണം</u>**

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 253 പോയിൻറ് നേട്ടത്തിൽ 73,917ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 62 പോയിൻറ് നേട്ടത്തിൽ 22,466 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

സ്വർണ വില കുറഞ്ഞു . പവന് 200 രൂപ താഴ്ന്ന് 54,080 രൂപയും ഗ്രാമിന് 25 രൂപ കുറഞ്ഞു 6,760 രൂപയുമാണ് ഇന്നത്തെ വില.

**$$$$$$$$$$$$$$$$$$$$$**

**$$$$$$$$$$$$$$$$$$$$$**

RJU TVPM